**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2316 — 12.03.2020-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനിൽ അക്കര :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടുണ്ടോ യെന്ന് അറിയിക്കാമോ; | എ) | മുൻ സർക്കാരിന്റെ കാലത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് ഭൂമി നൽകുന്ന വിവിധ പദ്ധതികൾ പ്രകാരം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളിലൂടെ യെന്ന് വ്യക്തമാക്കാമോ; | ബി) | ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്ന 'ആശിക്കും ഭൂമി ആദിവാസിയ്ക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരവും, ടി.ആർ.ഡി.എം. പദ്ധതി പ്രകാരവും, വനാവകാശ നിയമ പ്രകാരമുള്ള കൈവശരേഖയുമാണ് വിതരണം ചെയ്തിരുന്നത്. |
| സി) | 2011-16 കാലയളവിൽ വിവിധ പദ്ധതി കളിലൂടെ പട്ടികവർഗ്ഗക്കാരായ എത്ര പേർക്ക് ഭൂമി നൽകിയെന്നും എത്ര ഏക്കർ സ്ഥലം ഇപ്രകാരം വിതരണം ചെയ്തുവെന്നും വിശദമാക്കാമോ? | സി) | 2011-16 കാലയളവിൽ ഭൂമി വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 542 പേർക്ക് 237 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ പുനരധിവാസ വികസന മിഷൻ പദ്ധതി പ്രകാരം 795 പേർക്ക് 758.6 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>2006-2011 ൽ കേന്ദ്ര വനാവകാശ നിയമപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച കേന്ദ്ര വനാവകാശ പ്രകാരമുള്ള ഭൂമി 8222 പേർക്ക് ROR നൽകി. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

# സംക്ഷിപ്തം

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|
| 1 | റ്റി.ആർ.ഡി.എം മുഖേനെയുളള ഭൂമി വിതരണം | 795 | 758.6 |
| 2 | ഭൂമി വാങ്ങി നൽകുന്ന പദ്ധതി | 542 | 237.0035 |
| 3 | വനാവകാശ നിയമം പ്രകാരം കൈവശരേഖ വിതരണം ചെയ്തത് | 8222 | 12571 |

## റ്റി.ആർ.ഡി.എം മുഖേനെയുളള ഭൂമി വിതരണം (2011മുതൽ 2016 വരെ)

| ജില്ല | കോളനി | കുടുംബങ്ങളുടെ എണ്ണം | വിസ്തൃതി (ഏക്കർ) |
|---|---|---|---|
| കൊല്ലം | തിങ്കൾക്കരിക്കം | 18 | 18 |
| | കുരിയോട്ടുമല | 14 | 5.6 |
| കണ്ണൂർ | ആറളം | 763 | 735 |
| | ആകെ | 795 | 758.6 |

## ഭൂമി വാങ്ങി നൽകുന്ന പദ്ധതി (2013-14 മുതൽ 2015-16 വരെ)

| ക്രമനമ്പർ | ജില്ലയുടെ പേര് | ഗുണഭോക്താക്കളുടെ ആകെ എണ്ണം | വാങ്ങി നൽകിയ ഭൂമിയുടെ ആകെ അളവ് (ഏക്കറിൽ) |
|---|---|---|---|
| 1. 1 | തിരുവനന്തപുരം | 0 | 0 |
| 2. | കൊല്ലം | 20 | 10.165 |
| 3. | ആലപ്പുഴ | 19 | 5.21 |
| 4. | പത്തനംതിട്ട | 35 | 14.62 |
| 5. | കോട്ടയം | 5 | 1.25 |
| 6. | ഇടുക്കി | 7 | 4.058 |
| 7. | എറണാകുളം | 12 | 3.26 |
| 8. | തൃശ്ശൂർ | 17 | 4.3 |
| 9. | കോഴിക്കോട് | 6 | 1.71 |
| 10. | പാലക്കാട് | 37 | 11.417 |
| 11. | അട്ടപ്പാടി | 1 | 1 |
| 12. | മലപ്പുറം | 26 | 7.3525 |
| 13. | കണ്ണൂർ | 0 | 0 |
| 14. | വയനാട്- കൽപ്പറ്റ | 139 | 72.522 |
| 15. | സുൽത്താൻബത്തേരി | 95 | 35.68 |
| 16. | മാനന്തവാടി | 67 | 29.959 |
| 17. | കാസർഗോഡ് | 56 | 34.5 |

## വനാവകാശ നിയമം (2011 മുതൽ 2016 വരെ)

| ജില്ല | വിതരണം ചെയ്ത റൈറ്റിലുകളുടെ എണ്ണം | വിസ്തൃതി (ഏക്കറിൽ) |
|---|---|---|
| തിരുവനന്തപുരം | 1184 | 1614.4887 |
| കൊല്ലം | 84 | 47.76 |
| പത്തനംതിട്ട | 188 | 174 |
| കോട്ടയം | 145 | 137 |
| ഇടുക്കി | 5018 | 8301 |
| എറണാകുളം | 428 | 1315.27 |
| തൃശ്ശൂർ | 308 | 138.32 |
| പാലക്കാട് | 204 | 238 |
| മലപ്പുറം | 323 | 212 |
| കോഴിക്കോട് | 0 | 0 |
| വയനാട് | 237 | 256 |
| കണ്ണൂർ | 103 | 135.85 |
| ആകെ | 8222 | 12571 |

സെക്ഷൻ ഓഫീസർ